**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5256** **02-11-2021 - ൽ മറുപടിയ്ക്ക്**

**ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ കെ.എസ്.ആർ.ടി.സി. ചീഫ് എഞ്ചിനീയർ ഗുരുതര ക്രമക്കേടുകൾ നടത്തിയെന്നും പ്രസ്തുത ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്ത് വിജിലൻസ് അന്വേഷണം നടത്തണമെന്നുമുള്ള ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ചീഫ് എഞ്ചിനീയർ (പ്രോജക്ട്സ് & സിവിൽ വർക്സ്) ശ്രീമതി ആർ. ഇന്ദു വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുരുതര ക്രമക്കേടുകൾ നടത്തിയെന്നും, പ്രസ്തുത ഉദ്യോഗസ്ഥയെ സസ്പെൻഡ് ചെയ്ത് വിജിലൻസ് അന്വേഷണം നടത്തണമെന്നുമുള്ള ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് സർക്കാർ 22-1-2021 - ൽ കെ.എസ്.ആർ.റ്റി.സിക്കു ലഭ്യമാക്കിയിരുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി ടിയാളുടെ കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ അന്യത്ര സേവനത്തിന് കെ.എസ്.ആർ.റ്റി.സി അനുവദിച്ചിരുന്ന നിരാക്ഷേപപത്രം 22-10-2021-ന് പിൻവലിച്ച് 23-10-2021 തീയതിയിൽ VLC1/12987/20 പ്രകാരം ടിയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥൻ കെ.എസ്.ആർ.ടി.സി.യിൽ നിന്നും മാനേജിങ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം അവധിയിൽ പ്രവേശിച്ചെങ്കിലും കേരള ലാൻഡ് ഡെവലപ്മെൻറ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിൽ പ്രവേശിച്ച സാഹചര്യം വ്യക്തമാക്കുമോ; | (ബി) | ശ്രീമതി ആർ ഇന്ദു, കെ.എസ്.ആർ.റ്റി. സി.യുടെ സേവനത്തിൽ ആയിരിക്കവേ കേരളാ ലാന്റ് ഡെവലപ്മെന്റ് കോർപ്പ റേഷൻ ലിമിറ്റഡിൽ അന്യത്ര സേവന വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷ പരിഗണിച്ച് അന്യത്ര സേവനത്തിന് നിരാക്ഷേപപത്രം അനുവദി ക്കുകയുമാണുണ്ടായത്. |
| (സി) | എറണാകുളം ഡിപ്പോയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും പന്ത്രണ്ട് ബേ ഗ്യാരേജുകളുടെയും നിർമ്മാണത്തിൽ ഗുരുതരമായ അപാകതകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടും കരാറുകാരന് വൻ തുക അനുവദിച്ച് സർക്കാരിന് കോടികളുടെ നഷ്ടം ഉണ്ടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ഇത് | (സി) | ധനകാര്യ പരിശോധന വിഭാഗം നൽകിയ ശുപാർശയിൽ കെ.എസ്.ആർ.ടി.സി., ചീഫ് എഞ്ചിനീയർ നടപ്പിലാക്കി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മുഖാന്തിരം അന്വേഷണം നടത്തണമെന്നും കെ.എസ്.ആർ.ടി.സി., |

| | | | |
|---|---|---|---|
| | തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ച് വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യാൻ നടപടി സ്വീകരിക്കുമോ? | | എറണാകുളം ഡിപ്പോയിലെ അഡ്മിനി സ്ട്രേറ്റീവ് ബ്ലോക്കിന്റെയും 12 ബേ ഗ്യാരേജിന്റെയും നിർമ്മാണത്തിലെ അപാകത മൂലം സർക്കാരിനുണ്ടായ 1,39,53,244/- രൂപയുടെ നഷ്ടം ചീഫ് എഞ്ചിനീയറിൽ നിന്നും ഈടാക്കണമെന്നുള്ള ധനകാര്യ (പരിശോധനാ വിഭാഗം) വകുപ്പിന്റെ ശുപാർശയിൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ